# ബലവാനായ ദൈവം

## ഇയ്യോബ് 36:5

“ദൈവം ബലവാനെങ്കിലും ആരെയും നിരസിക്കുന്നില്ല; അവൻ വിവേകശക്തിയിലും ബലവാൻ തന്നേ.”

ദൈവത്തിന്റെ ഗുണവിശേഷണങ്ങളിൽ അല്ലെങ്കിൽ ഗുണഗണങ്ങളിൽ ഒന്നാണ് ദൈവം ബലവാൻ എന്നുള്ളത്. ദൈവം ബലവാനെന്നു പറയുമ്പോൾ അത്, മറ്റേതൊരു വ്യക്തിയുടെയോ ശക്തിയുടെയോ ബലത്തേക്കാളും അവൻ ബലവാൻ എന്നാണ്. പ്രപഞ്ച സൃഷ്ടികളിൽ ഏറ്റവും ശക്തിയേറിയ മനുഷ്യന്റെ ബലത്തേക്കാളും ദൈവം ബലവാൻ ആകുന്നു. സകല മനുഷ്യരുടെ ബലവും ഒന്നിച്ചു ചേർത്താലും ദൈവം അതിനേക്കാൾ ബലവാൻ ആണ്. ഈ പ്രപഞ്ചത്തിലെ മുഴുബലവും ഒരുമിച്ചു ചേർത്താലും ദൈവം അതിനേക്കാൾ ബലവാനാണ്.

സാധാരണ, ബലശാലികൾ എന്നു പറഞ്ഞു നടക്കുന്ന ആളുകൾ, തങ്ങളേക്കാൾ ബലത്തിൽ താഴ്ന്നവരുടെ മുമ്പിൽ, താൻ ആരെയും കൂട്ടാക്കാത്തവൻ എന്ന മനോഭാവത്തോടെ ജീവിക്കുന്നവരാണ്. തന്നെ ചോദ്യം ചെയ്യാൻ ആർക്കും കഴിയില്ല എന്ന സാഹചര്യത്തിൽ അവർ അഹങ്കാരത്തോടെ പ്രവർത്തിക്കുകയും, തങ്ങൾക്ക് ബോധിച്ചത് പോലെ ജീവിക്കുകയും ചെയ്യുന്നു. എന്നാൽ ഏറ്റവും ബലവാനായ ദൈവമാകട്ടെ നീതി വിട്ട് പ്രവർത്തിക്കുകയില്ല. ദൈവത്തിന്റെ ഈ സ്വഭാവമാണ് പ്രപഞ്ചത്തെ നിലനിർത്തുന്നതു തന്നെ. ദൈവത്തിന്റെ അടുക്കൽ വരുന്ന ആരെയും അവിടുന്ന് തള്ളിക്കളയുന്നില്ല. ഓരോ പ്രഭാതത്തിലും ഉദിച്ചുയരുന്ന സൂര്യന്റെ പ്രഭയേറ്റ് മുളച്ചു വരുന്ന ചെറു പുൽകൊടികൾക്കു തുല്യരാണ് ദൈവത്തിന്റെ സന്നിധിയിൽ നാം എന്നുള്ളത് ഒരിക്കലും മറന്നു പോകരുതാത്ത ഒരു സത്യമാണ്. അവന്റെ ബലമാണ് നമ്മെ ഓരോ നിമിഷവും നിലനിർത്തുന്നത്. അവൻ കരം പിടിച്ചില്ലെങ്കിൽ നാം തളർന്നു വീഴുകയേ ഉള്ളൂ. അത്രക്കു പ്രതികൂലമായ സാഹചര്യങ്ങളാണ് ഇന്ന് ഒരു ദൈവപൈതലിന്റെ ജീവിതത്തിനു മുമ്പിൽ ഉള്ളത്.

നമ്മുടെ പ്രാർത്ഥനകൾ ദൈവം കൈക്കൊള്ളുന്നു. പലപ്പോഴും നിസ്സഹായരായ നമുക്ക് ദൈവം മാത്രമേ സഹായത്തിനുള്ളൂ. എന്നാൽ ദൈവം കൂടെ കൈവിട്ടിരുന്നെങ്കിൽ നാം മുമ്പേ തന്നെ ഓർമ്മ മാത്രമായി പോകുമായിരുന്നു. എന്നാൽ ദൈവം തന്റെ കൃപയാൽ നമ്മെ നിലനിർത്തുകയും നമ്മുടെ വിഷയങ്ങൾക്കു പരിഹാരം വരുത്തുകയും ചെയ്തു. തന്റെ ബലം ദൈവം നമ്മുടെ വിടുതലിനായി ഉപയോഗിച്ചു. ദൈവത്തിന്റെ അടുക്കലേക്ക് ശരണത്തിനായി ഓടി വന്നിരിക്കുന്ന നമ്മെ ഇനിയും അവിടുന്ന് രക്ഷിക്കുക തന്നെ ചെയ്യും.

ദൈവത്തിന്റെ ബലം നമ്മെ ഭയപ്പെടുത്തുകയല്ല മറിച്ച് നമുക്ക് സങ്കേതവും സംരക്ഷണ ബോധവും ആയിരിക്കട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 27:1

യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?

ബ്രദർ. ബിനു ബേബി ആലപ്പുഴ 135